## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 4076** **24.08.2017 ൽ മറുപടിയ്ക്ക്**

### നീരയുടെ ഉൽപ്പാദനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് അനുവാദം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നീര റൂൾസ് 2014 പ്രകാരം ലൈസൻസ് നൽകുന്നത് എക്സൈസ് വകുപ്പാണ്. സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനായി ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരഫെഡ് എന്നിവയ്ക്കാണ് അനുമതി നൽകിയിട്ടുള്ളത്. |
| (ബി) | ടോഡി ബോർഡ് രൂപീകരിച്ചതുപോലെ നീര ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; ഇതിന്റെ ഘടനയേയും ബാധ്യതകളേയും കുറിച്ച് പഠനം നടത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 13.05.2014 ലെ ജി.ഒ.(എംഎസ്) നം.66/2014/നി വ പ്രകാരം നീരാ ബോർഡ് രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് 22/06/2015 ലെ 111/2015/കൃഷി നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ ഘടനയേയും ബാധ്യതകളേയും കുറിച്ച് പഠനം ഒന്നും തന്നെ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ